بسم الله الرحمن الرحيم

ഖുത്ബ
9.4.2004
ബെനിൻ
ലൊലൊൻഡു.

# വിശുദ്ധഖുർആനെ ആദരിക്കുക; ദൈവീകസന്നിധിയിൽ സ്വീകാര്യനാകും.

وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ وَاتَّبَعَ مِلَّةَ إِبْرَاهِيمَ حَنِيفًا ۗ وَاتَّخَذَ اللَّهُ إِبْرَاهِيمَ خَلِيلًا

ഇതിന്റെ തർജമ ഇങ്ങനെയാണ്. സൽകർമം ചെയ്യുന്നവനായിരിക്കെ തന്നത്താൻ അല്ലാഹുവിൽ അർപ്പിക്കുകയും ഋജുമാനസനായ ഇബ്റാഹീമിന്റെ അതത്തെ പിൻപറ്റുകയും ചെയ്യുന്ന ഒരുത്തനെക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ്?. ഇബ്റാഹീമിനെ അല്ലാഹു തന്റെ ഉറ്റസുഹൃത്താക്കിയിരിക്കുന്നു.(4:126)

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) യുടെ കല്പനയനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നൽകി എന്നത് അവന്റെ അനുഗ്രഹവും ഔദാര്യവുമാണ്. ഇക്കാരണത്താൽ നാമിന്ന് നബി (സ) യുടെ സത്യപ്രേമിയും ദാസനുമായ ഒരാളുടെ ജമാഅത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇന്ന് ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനത്തിന്റെ വിശദീകരണം എവിടെ നിന്നെങ്കിലും നമുക്ക് ലഭിക്കുമെങ്കിൽ അത് ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) ലൂടെ മാത്രമേ ലഭിക്കുകയുള്ളു. ഇന്ന് ദുനിയാവിലെ ദോഷങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും നമുക്ക് നമ്മെ പരിശുദ്ധരാക്കാൻ കഴിയുമെങ്കിൽ, അത് ഹസ്റത്ത് മസീഹ്മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നുകൊണ്ടുമാത്രമേ കഴിയുകയുള്ളു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതുതന്നെയാണ് അവന്റെ ഇഷ്ടവും. ഇതിനെകുറിച്ച് 1400 വർഷങ്ങൾക്കുമുമ്പേ നബി (സ) തിരുമേനി നമുക്ക് അറിയിപ്പ് നൽകിയിരുന്നു. ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളിൽ നിന്നു വിട്ടുള്ള ജീവിതം ഇവിടെയുണ്ടാകുമെന്ന് അവിടന്ന് പറഞ്ഞിരുന്നു. മുഹമ്മദു നബി (സ) യുടെ മസീഹ് വന്നിട്ട് അതിനെ നേരെയാക്കുമെന്നും മുന്നോട്ടുനയിക്കുമെന്നും അറിയിച്ചിരുന്നു.

നിങ്ങൾനോക്കുക. മുസ്ലിംകളിൽ ഇന്ന് കടന്നുകൂടിയിരിക്കുന്ന ചില അനാചാരങ്ങൾക്ക് ഇസ്ലാമുമായി ഒരുബന്ധവുമില്ല. നബി (സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് ഇക്കാലത്തെ ഇമാമിന്റെ ജമാഅത്തിൽ ചേരാത്തതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ, നിങ്ങൾക്ക് മസീഹിന്റെയും മഹ്ദിയുടേയും ജമാഅത്തിൽ ചേരാൻ ഭാഗ്യം സിദ്ധിച്ചത് അല്ലാഹുവിന്റെ ഔദാര്യവും അനുഗ്രഹവുമാണ്. അതുകൊണ്ട് ഈ അനുഗ്രഹത്തിന് എത്രത്തോളം ശുക്ർ അഥവാ നന്ദി കാണിക്കാൻ കഴിയുമോ അത്രയും നന്ദി കാണിക്കേണ്ടത് നിങ്ങളുടെ കടമയാണ്. നന്ദികാണിക്കുന്നതിനുള്ള ഉത്തമമായമാർഗം, അഹ്മദിയത്ത് സ്വീകരിച്ചതിനു ശേഷം നിങ്ങളിൽ വ്യക്തമായ മാറ്റമുണ്ടാക്കുക എന്നതാണ്. നിങ്ങളുടെ കർമ്മം കൊണ്ടും നിങ്ങളുടെ സ്വഭാവം കൊണ്ടും നിങ്ങളുടെ സംസാരശൈലി കൊണ്ടും നിങ്ങളുടെ ചലനങ്ങൾ കൊണ്ടും നിങ്ങൾ തന്നെയാണ് ഇസ്ലാമിന്റെ യഥാർത്ഥ മാതൃകയെന്ന് സ്ഥാപിച്ചുകാണിക്കുകയും ലോകത്തോടു പറയുകയും ചെയ്യുക. അല്ലാഹുവിനോടൊപ്പമുള്ള ആളുകളാണെന്ന് കാണാൻകഴിയുംവിധം അല്ലാഹുവിനോട് ജീവസുറ്റബന്ധം സ്ഥാപിക്കുക. ഞാനോതിയ വചനത്തിൽ, ഞാൻ ഇബ്റാഹീമിനെ എന്റെ ഉറ്റസുഹൃത്താക്കിയിരിക്കുന്നുവെന്ന് അല്ലാഹുപറയുന്നു. ആത്മാവിന്റെ ഉള്ളിലേക്ക് ഇറങ്ങിചെല്ലുന്നരീതിയിൽ സ്നേഹിക്കുന്ന സ്നേഹിതനെയാണ് ഖലീൽ എന്നു പറയുന്നത്. ഹസ്റത്ത് ഇബ്റാഹീം നബി (അ) ന്റെ കർമവും, സൃഷ്ടിപൂജയോടുള്ള അദ്ദേഹത്തിന്റെ വെറുപ്പും, അദ്ദേഹം അല്ലാഹുവിനെ ആരാധിച്ചിരുന്നതും കാരണത്താൽ അല്ലാഹുവും അദ്ദേഹത്തെ സ്നേഹിച്ചു.

അല്ലാഹു പറയുന്നു: ആരാണോ തികവാർന്ന നിലയിൽ എന്റെ മുമ്പിൽ കുനിയുന്നത്, ഞാൻ നൽകിയ കൽപ്പനകളനുസരിച്ച് സർവ്വകഴിവോടും കൂടി പ്രവർത്തിക്കുന്നത് അവനെ ഞാനെന്റെ സുഹൃത്താക്കുന്നതാണ്.

എന്നെ ആരാധിക്കുന്നവർക്കും, എന്റേതായി മാത്രം എന്നെ ആരാധിക്കുന്നവർക്കും ഞാൻ നൽകിയ അദ്ധ്യാപനങ്ങളനുസരിച്ച് അതായത് നബി (സ) തിരുമേനിയ്ക്ക് ഞാനിറക്കിയ ആ അദ്ധ്യാപനങ്ങളനുസരിച്ച് ആപരിപൂർണ്ണ ശരീഅത്തനുസരിച്ച് പ്രവർത്തിക്കുന്നവർക്കും എന്റെ സുഹൃത്താകാവുന്നതാണെന്ന് അല്ലാഹുപറയുന്നു. ഇക്കാര്യങ്ങൾ കഥപറയുന്നതിനു വേണ്ടിയല്ല എഴുതിവെച്ചിട്ടുള്ളത്. ഇബ്റാഹീം എന്റെ സുഹൃത്തായിരുന്നു എന്ന് പറയുന്നതിനും വേണ്ടിയല്ല എഴുതപ്പെട്ടിട്ടുള്ളത്. പ്രത്യുത നിങ്ങൾ ഈ മാതൃക നിലനിർത്തുന്നതിനു വേണ്ടിയാണ് നിങ്ങളോട് ഇതുപറയുന്നത്. നബി (സ) തിരുമേനി യെ

പരിപൂർണ്ണമായി പിൻപറ്റുകയും അനുസരിക്കുകയും ചെയ്തെങ്കിൽ മാത്രമെ ഈ മാതൃക നിങ്ങൾക്ക് നിലനിലനിർത്താൻ പറ്റുകയുള്ളു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാവണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾ എന്നെ പിൻപറ്റുകഎന്ന് തന്റെ നബിയെകൊണ്ട് അല്ലാഹു വിളംബരം ചെയ്യിച്ചിരിക്കുകയാണ്. *'ഫത്തബിഊനി യുഹ്ബ്ക്കുമുല്ലാഹ്'* അല്ലാഹുവിന്റെ ഇഷ്ടദാസനാകണമെങ്കിൽ നബി (സ) യെ പൂർണ്ണമായും പിൻപറ്റേണ്ടത് നിർബന്ധമാണ്. നബി (സ) തിരുമേനിയെ അനുസരിക്കുന്നതിൽ, അവിടത്തെ പരിപൂർണ്ണദാസന്റെ ജമാഅത്തിൽ ചേരേണ്ടതും നിർബന്ധമാണ്. പിന്നീട് നീതിമാനായ വിധികർത്താവെന്ന നിലയിൽ അദ്ദേഹം പറയുന്നപാഠമനുസരിച്ച് നാം പ്രവർത്തിക്കുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ നാം ശുക്റ് അഥവാ നന്ദിചെയ്യുന്നതോടൊപ്പം, ഉള്ളിൽ നല്ലമാറ്റമുണ്ടാക്കേണ്ടതും നമ്മുടെ ചുമതലയായിത്തീരുന്നു. ഇസ്ലാമിന്റെ ശരിയായ അദ്ധ്യാപനം നമ്മിൽ നടപ്പാക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽനിന്ന് എന്തെല്ലാം പരിശുദ്ധമായ മാറ്റമാണ് പ്രതീക്ഷിക്കുന്നതെന്ന് നമുക്കറിയാം അവിടന്ന് പറയുന്നു: "നിങ്ങളുടെ ബൈഅത്തിന്റെ നിബന്ധനകൾ ഏറ്റുപറയൽ, നാവിൽ മാത്രം ഒതുങ്ങിനിൽക്കുകയാണെങ്കിൽ ആ ബൈഅത്ത് ഒരു പ്രയോജനവും ചെയ്യുകയില്ല. നിങ്ങളുടെ കർമ്മങ്ങൾ നിങ്ങൾ അഹ്മദിയാണെന്നതിന് സാക്ഷിപറയേണ്ടതാണ്. അല്ലാഹുമായിട്ടുള്ള കാര്യങ്ങൾ പരിശുദ്ധമായിരിക്കുന്ന ഒരാളുടെമേൽ അല്ലാഹുവിന്റെ ശിക്ഷ ഇറങ്ങുമെന്ന് ഞാനൊരിക്കലും സമ്മതിക്കുകയില്ല. അല്ലാഹുവിന്റെ വഴിയിൽ നിന്ദ്യതസഹിക്കുകയും വിനയം കൈകൊള്ളുകയും ചെയ്യുന്നവനെ അല്ലാഹു ഒരിക്കലും നിന്ദ്യനാക്കുകയില്ല. ഇത് സത്യപൂർണ്ണവും ശരിയായിട്ടുള്ളകാര്യവുമാണ്. അതുകൊണ്ട് രാത്രിയിൽ എഴുന്നേറ്റ് ദുആ ചെയ്യുക. വീടിന്റെ കതകുകളടച്ച് തനിച്ച് ദുആയിൽമുഴുകുക. നിങ്ങളുടെ മേൽ കരുണചെയ്യപ്പെടാൻ. അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ഇടപാടുകൾ പരിശുദ്ധമാക്കി വെക്കുക; അവന്റെ അനുഗ്രഹം നിങ്ങളോടൊപ്പമുണ്ടാകാൻ. ചെയ്യുന്ന കർമ്മങ്ങൾ ശരീരേച്ഛയിൽനിന്ന് വേറിട്ട് ചെയ്യുക; അല്ലാഹുവിന്റെ സന്നിധിയിൽ പ്രതിഫലം പ്രാപിക്കാൻ.

"

വീണ്ടും അവിടന്ന് പറയുന്നു: "കേവല ബൈഅത്തു കൊണ്ട് ഒന്നുമുണ്ടാകുകയില്ലെന്ന് ഓർത്തു കൊള്ളുക. യഥാർത്ഥ ബൈഅത്തിന്റെ പൊരുൾ നിറവേറ്റപ്പെടാത്തിടത്തോളം അല്ലാഹു തൃപ്തിപ്പെടുകയില്ല. ബൈഅത്തിന്റെ പൊരുൾ നിറവേറ്റുന്നില്ലെങ്കിൽ, പറയുന്നു. ആ ബൈഅത്ത്, ബൈഅത്തല്ല; വെറും ചടങ്ങാണ്. അതുകൊണ്ട് ബൈഅത്തിന്റെ യഥാർത്ഥമായ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടത് ആവശ്യമാണ്. അതായത് തഖ്വ സ്വായത്തമാക്കുക. ഖുർആൻശരീഫ് നല്ലവണ്ണം സൂക്ഷിച്ച് പാരായണം ചെയ്യുക, അതിൽ ഗാഢമായി ചിന്തിക്കുക, പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ നിയമം ഇതുതന്നെയാണ്. കേവലവാക്കുകളിലും കാര്യങ്ങളിലും അല്ലാഹു ഒരിക്കലും സന്തോഷിക്കുകയില്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവന്റെ കല്പനകളെ പിന്തുടരേണ്ടത് നിർബന്ധമാണ്. അവൻ വിരോധിച്ചിട്ടുള്ളതിൽ നിന്ന് അകന്നുനിൽക്കേണ്ടതാണ്. നമുക്കറിയാം, നാം കാണുന്നതുമാണ്. ഒരു മനുഷ്യൻപോലും കേവലം വാചകക്കസർത്തുകളിൽ സന്തോഷിക്കുകയില്ല. സേവനം ചെയ്താൽമാത്രമേ സന്തോഷിക്കുകയുള്ളു. സത്യമുസൽമാനും കള്ളമുസൽമാനും തമ്മിലുള്ള വ്യത്യാസം കള്ളമുസൽമാൻ വാചകക്കസർത്തുകൾ നടത്തുന്നു; ഒന്നും പ്രവർത്തിക്കുകയില്ല. ഇതിന്നെതിരിൽ യഥാർത്ഥമുസൽമാൻ വാചകമടിച്ചു നടക്കുകയില്ല; അവൻ പ്രവർത്തിച്ചുകാണിക്കുന്നതാണ്. തന്റെ ദാസൻ തനിക്കായി ആരാധനനടത്തികൊണ്ടിരിക്കുന്നുവെന്ന് അല്ലാഹു കാണുമ്പോൾ, തനിക്കായി തന്റെ അടിയാറുകളോടു അനുകമ്പാപൂർവം പെരുമാറുന്നതുകാണുമ്പോൾ ആനേരത്ത് അല്ലാഹു തന്റെമലക്കുകളെ അവന്റെ മേൽ ഇറക്കുന്നു. സത്യമുസൽമാനേയും കള്ളമുസൽമാനേയും അവന്റെ വാഗ്ദാനമനുസരിച്ച് വ്യത്യാസപ്പെടുത്തി കാണിക്കുന്നു. ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, ആരാധനാകർമ്മങ്ങളനുഷ്ഠിക്കുക, നമസ്കരിക്കുക, ദുആചെയ്യുക, അല്ലാഹുവിനോട് അനുഗ്രഹം തേടുക, പിന്നീട് അല്ലാഹുനൽകിയിട്ടുള്ള അധ്യാപനങ്ങളെ മനസ്സിലാക്കുക. ഈ പാഠം നമുക്ക് ഖുർആനെകരീമിൽ നിന്നുമാത്രമേ ലഭിക്കുകയുള്ളു. അതുകൊണ്ട് പരിശുദ്ധഖുർആൻ നല്ലവണ്ണം പാരായണം ചെയ്യുക. അതിൽ ചിന്തിക്കുക. അതിൽ നൽകിയ കല്പനകളനുസരിച്ച് കർമ്മംചെയ്യാൻ പരിശ്രമിക്കുക. കാരണം എന്നെന്നേക്കുമായി സന്മാർഗ്ഗം പ്രാപിക്കണമെങ്കിൽ, എന്നെന്നേക്കുമായി നേരായ മാർഗ്ഗത്തിൽനടക്കണമെങ്കിൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് ആനന്ദം കരസ്ഥമാക്കണമെങ്കിൽ, അല്ലാഹുവിശുദ്ധ ഖുർആനിൽ നൽകിയിട്ടുള്ളപാഠങ്ങളനുസരിച്ച് പ്രവത്തിക്കേണ്ടതും നമുക്ക് അനിവാര്യമാണ്. അവൻ പറയുന്നു:

إِنَّ هَٰذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ وَيُبَشِّرُ الْمُؤْمِنِينَ الَّذِينَ يَعْمَلُونَ الصَّالِحَاتِ أَنَّ لَهُمْ أَجْرًا كَبِيرًا

"തീർച്ചയായും ഈ ഖുർആൻ ഏറ്റവും നേരായമാർഗ്ഗത്തിലേക്ക് വഴികാട്ടുകയും സൽകർമ്മം ചെയ്യുന്ന വിശ്വാസികൾക്ക് മഹത്തായ

പ്രതഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.'' (17:10)

ഹസ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: ''നിങ്ങളിലേറ്റവും ഉത്തമൻ ഖുർആൻപഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.''

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. സയ്ദ് (റ) പറയുന്നു. അദ്ദേഹം അബുസലാം (റ) ഇങ്ങനെപറയുന്നതുകേട്ടു. അദ്ദേഹം പറഞ്ഞു: അബൂഉമാമ എന്നോട് പറഞ്ഞു: നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു: ഖുർആൻ പാരായണം ചെയ്യുക. കാരണം പാരായണം ചെയ്യുന്നവനുവേണ്ടി ശിപാർശചെയ്യാൻ അതു ഖിയാമത്തുനാളിൽ വരുന്നതാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) തിരുമേനി പറഞ്ഞു: ഖുർആനിൽ അല്പഭാഗം പോലും ഓർമയില്ലാത്തവൻ വീണടിഞ്ഞ വീടുപോലെയാണ്.

ഹസ്റത്ത് അബ്ദുല്ലാഹ് (റ) നിവേദനം ചെയ്തദീർഘമായൊരു ഹദീസിൽ പറഞ്ഞിരിക്കുന്നു: തീർച്ചയായും ഖുർആൻ അല്ലാഹുവിൽ നിന്നുള്ള ഒരു ക്ഷണമാണ്. അവന്റെ ക്ഷണത്തിൽ നിന്നും എത്രത്തോളം ഫലമെടുക്കാൻ കഴിയുമോ എടുത്തുകൊള്ളുക. തീർച്ചയായും ഖുർആൻ അല്ലാഹുവിന്റെ കയറും, തെളിമാർന്നപ്രകാശവും, ഫലംപ്രദാനംചെയ്യുന്ന ശമനൗഷധവുമാണ്. അതിനെ ശരിയായി വഹിക്കുന്നവർക്ക് ഗുണത്തിനുള്ളമാർഗ്ഗവുമാണ്. അതിനെ പിൻപറ്റുന്നവർക്ക് അത് മോക്ഷം പ്രദാനം ചെയ്യുന്നതാണ്. അത്തരം വ്യക്തി നേരായ പാതയിൽനിന്ന് വ്യതിചലിക്കുകയില്ല; പിന്നീട് അവൻ ഖേദം പ്രകടിപ്പിക്കാൻ. വക്രത സ്വീകരിക്കുകയുമില്ല. പിന്നീടതിനെ നേരെയാക്കാൻ. വിശുദ്ധഖുർആന്റെ അത്ഭുതങ്ങൾ അവസാനിക്കുകയില്ല. ഖുർആൻ പാരായണം ചെയ്യുന്നയാൾക്ക് അതാവർത്തിച്ചാവർച്ച് ഓതിയാലും മടുപ്പ് തോന്നുകയില്ല; അതുകൊണ്ട് നിങ്ങൾ അതു പാരായണം ചെയ്യുക; അല്ലാഹുതആലാ ആ പാരായണത്തിന്റെ ഫലമായി ഓരോഅക്ഷരത്തിനും പത്തു നന്മയുടെ പ്രതിഫലം തരുന്നതാണ്. അലിഫ് ലാം മീം ഒരു അക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. ഇതിൽ അലിഫിനും ലാമിനും മീമിനും പത്തുപത്തു നന്മയുടെ ഫലം ലഭിക്കുന്നതാണ്.'' ഈ ഹദീസിൽ വിശുദ്ധഖുർആന്റെ അസംഖ്യം ഗുണഗണങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു; മനുഷ്യൻ പരിശുദ്ധഹൃദയത്തോടെ അതു പാരായണം ചെയ്യണമെന്നുമാത്രം. അതു അല്ലാഹുവിൽ നിന്നുള്ള ആത്മീയഭക്ഷണമാണ്. ഇത് എത്രത്തോളം നിങ്ങൾ പ്രയോജനപ്പെടുത്തുമോ അത്രത്തോളം ആത്മീയാഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. നിങ്ങളുടെ ഈമാനിന്റെ -വിശ്വാസത്തിന്റെ-സുരക്ഷിതത്വം ഇതിലാണ്. ശയ്ത്വാനിൽനിന്ന് രക്ഷപ്പെടാനുള്ള ചികിത്സയും ഇതിലാണ്. ഒരു ജമാഅത്തിനെയും വ്യവസ്ഥിതിയേയും അനുസരിച്ചുകൊണ്ട്, ഇരുമ്പുരുക്കിയൊഴിച്ച് നിർമ്മിച്ച ഭിത്തിപോലെ ശക്തി നിലനിറുത്താനുള്ള പാഠം ഇതിലുണ്ട്. തിന്മയിൽ നിന്ന് രക്ഷപ്പെടാനും നന്മയിൽ നിലകൊള്ളാനുമുള്ളപാഠം ഇതിലുണ്ട്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാനുള്ള വഴികൾ ഇതിൽ പറയപ്പെട്ടിരിക്കുന്നു. ഓരോ വാക്കും ഓതുന്നതിനു പ്രതിഫലവുമുണ്ട്. നോക്കുക, എത്രമാത്രം അസംഖ്യം അനുഗ്രഹങ്ങളാണ് വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതുകൊണ്ട് ലഭിക്കുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: കണ്ണില്ലാതെ കാണാൻകഴിയാത്തതുപോലെ, ചെവിയില്ലാതെ കേൾക്കാൻ കഴിയാത്തതുപോലെ നാവില്ലാതെ സംസാരിക്കാൻ കഴിയാത്തതുപോലെ, വിശുദ്ധഖുർആനില്ലാതെ ആ പ്രിയപ്പെട്ടവന്റെ മുഖം കാണാൻ കഴിയുകയില്ല എന്നകാര്യവും ദൃഢമായും മനസ്സിലാക്കിക്കൊള്ളുക.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: വിശുദ്ധഖുർആനെ പിൻപുറം തള്ളിക്കളയാതിരിക്കുക, അതിലാണ് നിങ്ങൾക്കു ജീവിതം, എന്ന നിർബന്ധപാഠമാണ് നിങ്ങൾക്കുള്ളത്. വിശുദ്ധഖുർആനെ ആദരിക്കുന്നവൻ ആകാശത്തിൽ ആദരിക്കപ്പെടും. ഓരോ ഹദീസിനേക്കാളും ഓരോ വാക്കുകളേക്കാളും ഖുർആനെ മുന്തിക്കുന്നവരെ ആകാശത്തിൽ മുന്തിച്ചുനിറുത്തുന്നതായിരിക്കും. മനുഷ്യകുലത്തിന് ഇനി ഭൂമിയിൽ ഖുർആനല്ലാതെ മറ്റൊരു ദൈവീകഗ്രന്ഥവുമില്ല. ആദം മക്കൾക്ക് ഇനി മുഹമ്മദുമുസ്തഫാ (സ) അല്ലാതെ ഒരു ശിപാർശകനും ഒരു ദൈവദൂതനുമില്ല. അതുകൊണ്ട് ആ പ്രതാപവാനായ നബിയെ സത്യഹൃദയത്തോടെ സ്നേഹിക്കാൻ നിങ്ങൾപരിശ്രമിക്കുക. ദൈവസവിധത്തിൽ മോക്ഷപ്രാപ്തനെന്നെഴുതപ്പെടാൻ മറ്റുള്ളവർക്ക് ആമഹത്മാവിനേക്കാൾ ഒരുമഹത്വവും നിങ്ങൾ നൽകാതിരിക്കുക. മരണത്തിനുശേഷം വെളിപ്പെടുന്ന ഒന്നല്ല മോക്ഷം എന്നകാര്യം ഓർമ്മിക്കുക. യഥാർത്ഥമോക്ഷം എന്നുപറയുന്നത് ഈ ലോകത്തുതന്നെ അതിന്റെ വെളിച്ചം കാണിക്കുന്നതാണ്. ആരാണ് മോക്ഷപ്രാപ്തൻ? അല്ലാഹു സത്യവാനാണെന്നും മുഹമ്മദുമുസ്തഫാ(സ) എല്ലാ സൃഷ്ടികളുടെ ഇടയിലും ശിപാർശകനാണെന്നും ദൃഢമായി വിശ്വസിക്കുന്നവൻതന്നെ. ആകാശത്തിൻ കീഴിൽ അദ്ദേഹത്തിനു സമാനനായി ഒരു റസൂലുമില്ല. വിശുദ്ധഖുർആനു സമാനമായി ഒരു ഗ്രന്ഥവുമില്ല. ഒരു നബിയും എന്നെന്നേക്കുമായി ജീവിച്ചിരിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചില്ല. എന്നാൽ ഈ പരിശുദ്ധനബി എന്നെന്നേക്കുമായി ജീവിച്ചിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങൾ വിശുദ്ധഖുർആൻ നല്ലവണ്ണം ചിന്തിച്ച്

പാരായണം ചെയ്യുക. അതിനെ വളരെയധികം സ്നഹിക്കുകയും ചെയ്യുക; ആരോടും കാണിക്കാത്തസ്നേഹം അതിനോടുകാണിക്കുക. എന്തുകൊണ്ടെന്നാൽ, അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടുപറഞ്ഞു: *'അൽ ഖയ്റു കുല്ലുഹു ഫിൽ ഖുർആനി'* എല്ലാ നന്മകളും ഖുർആനിലുണ്ട്. നിങ്ങളുടെ എല്ലാവിജയത്തിന്റെയും മോക്ഷത്തിന്റെയും ഉറവിടം ഖുർആനിലാണ്. വിശുദ്ധഖുർ ആനിലില്ലാത്ത ദീനീപരമായ ഒരു ആവശ്യവും നിങ്ങൾക്കില്ല. വീണ്ടും അവിടന്ന് പറയുന്നു: നിങ്ങളുടെ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്നതും നിഷേധിക്കുന്നതും ഖിയാമത്തുനാളിൽ ഖുർ ആനാണ്. നിങ്ങളോടു ഞാൻ സത്യമായും പറയുന്നു: നിങ്ങളെ പഠിപ്പിച്ചിട്ടുള്ള ഈ ഗ്രന്ഥം ക്രിസ്ത്യാനികളെ പഠിപ്പിച്ചിരുന്നെങ്കിൽ അവർ നശിക്കുകയില്ലായിരുന്നു. നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയപ്പെട്ട അനുഗ്രഹമാണ്. വലിയ സമ്പത്താണ്.

ഇതെന്റെ ഉപദേശമാണ്. ഇതുമുഴുവൻ ഖുർആനിന്റെയും ഉപദേശങ്ങളുടെ കഴമ്പായി ഞാൻ മനസ്സിലാക്കുന്നു. വിശുദ്ധഖുർആൻ മുപ്പതുഭാഗങ്ങളുണ്ട്. എല്ലാം ഉപദേശങ്ങൾകൊണ്ട് നിറഞ്ഞതാണ്. എന്നാൽ, ഏതുപദേശം സ്വീകരിച്ചാലാണ്, ഏത് ഉപദേശമനുസരിച്ച് പ്രവർത്തിച്ചാലാണ്, വിശുദ്ധ ഖുർആന്റെ സകല കല്പനകളനുസരിച്ച് നടക്കാനും, വിരോധിക്കപ്പെട്ടതിൽനിന്ന് രക്ഷപ്പെടാനും സാധിക്കുകയെന്ന് എല്ലാവർക്കുമറിയുകയില്ല. എന്നാൽ, ഞാൻ നിങ്ങളോട് പറയുന്നു ആശക്തി ദുആയാണ്. ദുആയെ ശക്തമായി പിടിച്ചുകൊള്ളുക. അല്ലാഹു സകല പ്രയാസങ്ങളും എളുപ്പമാക്കിത്തരുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. നിങ്ങൾ നിർമ്മിച്ച ഈ മനോഹരമായപള്ളിയിൽ ഇന്ന് ജുമുഅ നമസ്ക്കരിക്കുകയാണ്. ഇതും നിങ്ങൾ അല്ലാഹുവിനെ ആരാധിക്കാൻവേണ്ടിയാണ് നിർമ്മിച്ചിട്ടുള്ളത്. ഇനി ഈ പള്ളിയേയും നിങ്ങളുടെ വീടിനേയും ദുആകൊണ്ട് നിറയ്ക്കേണ്ടതും നിങ്ങളുടെ ജോലിയാണ്. അല്ലാഹു നമ്മെ അവനെ ആരാധിക്കുന്നവരാക്കുമാറാകട്ടെ; അവന്റെ സുഹൃത്താക്കുമാറാകട്ടെ. ഓർമ്മിക്കുക, സുഹൃത്തിനുവേണ്ടി ത്യാഗം വരിക്കേണ്ടിവരും. അല്ലാഹു നമ്മെ സുഹൃത്താക്കുമ്പോൾ നാം പിന്നോക്കം പോകുന്നവരാകാൻപാടില്ല. അങ്ങനെ ഉണ്ടാകരുത്. പൂർണ്ണമായ കൂറോടുകൂടി അവനുമായി ഒട്ടിനിൽക്കുന്നവരാകണം. നബി (സ) തിരുമേനി കൊണ്ടുവന്ന ഈ പരിപൂർണ്ണഗ്രന്ഥത്തെ എപ്പോഴും നിങ്ങളുടെ വഴികാട്ടിയാക്കിവെക്കുക. അതനുസരിച്ച് പ്രവർത്തിക്കുന്നവരും അതിന്റെ പ്രചാരകരുമായി തീരണം. അല്ലാഹു നമുക്കതിന് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു നിങ്ങളെയെല്ലാവരേയും അവന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെയ്ക്കുമാറാകട്ടെ. ഇനിയും നമുക്കുതമ്മിൽ കാണാനുള്ള അവസരങ്ങൾ ഉണ്ടാക്കിതരുമാറാകട്ടെ. ആമീൻ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 09 - 04 - 2004 at
Benin, Lolondu.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**